# ജോഹന്നാസ്ബർഗിലെ G20 നേതാക്കളുടെ ഉച്ചകോടിക്കിടെ പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി ജപ്പാൻ പ്രധാനമന്ത്രിയുമായി കൂടിക്കാഴ്ച നടത്തി (നവംബർ 23, 2025)

നവംബർ 23, 2025

ദക്ഷിണാഫ്രിക്കയിലെ ജോഹന്നാസ്ബർഗിൽ നടന്ന G20 നേതാക്കളുടെ ഉച്ചകോടിക്കിടെ പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി ജപ്പാൻ പ്രധാനമന്ത്രി സനേ തകായിച്ചിയുമായി ഇന്ന് ഉഭയകക്ഷി യോഗം നടത്തി. 2025 ഒക്ടോബർ 29 ന് പ്രധാനമന്ത്രി തകായിച്ചിയുമായി നടത്തിയ ടെലിഫോൺ സംഭാഷണത്തിന് ശേഷം ശ്രീ. നരേന്ദ്ര മോദി നടത്തിയ ആദ്യ കൂടിക്കാഴ്ചയായിരുന്നു ഇത്.

2. സാംസ്കാരിക ബന്ധം, പങ്കിട്ട മൂല്യങ്ങൾ, പരസ്പര സൗഹാർദ്ദം, സ്വതന്ത്രവും തുറന്നതുമായ ഇന്തോ-പസഫിക് മേഖലയ്ക്കുള്ള പ്രതിബദ്ധത എന്നിവയെ അടിസ്ഥാനമാക്കിയുള്ള ഇന്ത്യ-ജപ്പാൻ പ്രത്യേക തന്ത്രപരവും ആഗോളവുമായ പങ്കാളിത്തത്തിന്റെ പ്രാധാന്യം ഇരുനേതാക്കളും വീണ്ടും ഉറപ്പിച്ചു. പ്രാദേശികവും ആഗോളവുമായ സമാധാനം, അഭിവൃദ്ധി, സ്ഥിരത എന്നിവയ്ക്കായി ഇന്ത്യ-ജപ്പാൻ പങ്കാളിത്തം ആഴത്തിലാക്കുന്നതിനുള്ള അവരുടെ പ്രതിബദ്ധതയും നേതാക്കൾ അടിവരയിട്ടു പറഞ്ഞു.

3. 15-ാമത് ഇന്ത്യ-ജപ്പാൻ വാർഷിക ഉച്ചകോടിയിൽ ഉഭയകക്ഷി ബന്ധങ്ങളിലുണ്ടായ സ്ഥിരമായ പുരോഗതി നേതാക്കൾ അംഗീകരിച്ചു, പ്രതിരോധവും സുരക്ഷയും, വ്യാപാരം, നിക്ഷേപം, ചെറുകിട-ഇടത്തരം സംരംഭങ്ങൾ, നിർമ്മിതബുദ്ധി, നിർണ്ണായക ധാതുക്കൾ, അർദ്ധചാലകങ്ങൾ, അടിസ്ഥാന സൗകര്യ വികസനം, സാങ്കേതികവിദ്യ, നൂതനാശയാവിഷ്കാരം, ജനങ്ങൾ തമ്മിലുള്ള വിനിമയം തുടങ്ങിയ വിപുലമായ മേഖലകളിൽ അംഗീകരിച്ച തീരുമാനങ്ങൾ വേഗത്തിൽ നടപ്പിലാക്കണമെന്ന് നേതാക്കൾ ആഹ്വാനം ചെയ്തു. തന്ത്രപരമായ മേഖലകളിൽ ഇന്ത്യയും ജപ്പാനും തമ്മിലുള്ള സഹകരണ അവസരങ്ങളും അവർ ചർച്ച ചെയ്തു. പ്രാദേശിക, ആഗോള പ്രശ്നങ്ങളെക്കുറിച്ചുള്ള കാഴ്ചപ്പാടുകളും അവർ കൈമാറി. 2026 ഫെബ്രുവരിയിൽ നടക്കാനിരിക്കുന്ന ഇന്ത്യ ആതിഥേയത്വം വഹിക്കുന്ന AI ഉച്ചകോടിക്ക് പ്രധാനമന്ത്രി തകായിച്ചി ശക്തമായ പിന്തുണ അറിയിച്ചു.

4. ഇന്ത്യയും ജപ്പാനും ഇപ്പോഴും പരസ്പരം വിലമതിക്കുന്ന പങ്കാളികളായും വിശ്വസ്തരായ സുഹൃത്തുക്കളായും തുടരുന്നുവെന്ന് ഇരു നേതാക്കളും ഊന്നിപ്പറഞ്ഞു. പ്രാദേശികവും ആഗോളവുമായ സമാധാനം, അഭിവൃദ്ധി, സ്ഥിരത എന്നിവയ്ക്ക് ഇരുരാജ്യങ്ങളും തമ്മിലുള്ള ശക്തമായ ബന്ധങ്ങൾ അനിവാര്യമാണ്.

5. ബന്ധം നിലനിർത്താനും ഏറ്റവും അടുത്ത അവസരത്തിൽ വീണ്ടും കൂടിക്കാഴ്ച നടത്താനും നേതാക്കൾ തമ്മിൽ ധാരണയിലെത്തി.

**ജോഹന്നാസ്ബർഗ്**

**നവംബർ 23, 2025**